## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2201 | 20.6.2012-ലെ മറുപടിക്ക് |
|---|---|

### അന്യ സംസ്ഥാന ഭക്ഷ്യസാധനങ്ങളുടെ പരിശോധന കർശനമാക്കാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) അന്യ സംസ്ഥാന ഭക്ഷ്യ സാധനങ്ങളുടെ പരിശോധന കർശനമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് പറയാമോ; | എ) അന്യ സംസ്ഥാനത്തു നിന്നും വരുന്ന ഭക്ഷണ സാധനങ്ങളുടെ പരിശോധന കൂടുതൽ കർശനമാക്കുന്നതിനും ഗുണനിലവാരമില്ലാത്തവയാണെന്നു കണ്ടാൽ അഡ്ജൂഡിക്കേഷൻ ഓഫീസർ മാർക്ക് മുൻപാകെയും കോടതികൾക്ക് മുൻപാകെയും കേസുകൾ ഫയൽ ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| ബി) ഇത്തരത്തിൽ എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ പരിശോധന നടത്താൻ നിലവിൽ എത്ര ലാബുകളാണ് ഉള്ളത്; അവ എവിടെയെല്ലാമാണ്; | ബി) സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് ഭക്ഷ്യ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |
| സി) ലാബുകളുടെ നവീകരണത്തിനും പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനും കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | സി) ലാബുകളുടെ നവീകരിണത്തിനു വേണ്ടി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ഡി) അന്യ സംസ്ഥാനത്തുനിന്നെത്തുന്ന ഇളനീർ ഉൾപ്പെടെ എല്ലാ ഭക്ഷ്യ സാധനങ്ങളിലും വിഷാംശവും മായവും കലർന്നാണ് എത്തുന്നത് എന്നുള്ള വസ്തുത ബോധ്യമായോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദ മാക്കുമോ? | ഡി) അന്യ സംസ്ഥാനത്തുനിന്നെത്തുന്ന ഇളനീർ ഉൾപ്പെടെ എല്ലാ ഭക്ഷ്യ സാധനങ്ങളും വിഷാംശവും മായവും കലർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് ചെക്ക് പോസ്റ്റിൽ പ്രാഥമിക പരിശോധന നടത്തുന്നതിനായി ലബോറട്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ